**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4709** **29-10-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിൽ ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പൊതു ജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്ന ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി നിലമ്പൂർ മണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്ന ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി 2017-18 മുതൽ 2021-22 വരെ തുടർച്ചയായി 5 വർഷം നിലമ്പൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 2021 ജൂൺ 6 നാണ് ഇത്തരത്തിൽ റാഞ്ചിംഗ് നടത്തിയത്. |
| (ബി) | മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം പുഴകളിലും പൊതുജലാശയങ്ങളിലുമാണ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നിലമ്പൂർ മണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന കരുളായി, പോത്തുകൽ പഞ്ചായത്തിലെ ഭൂദാനം കടവിൽ നിന്നും ചാലിയാർ പുഴയിലാണ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിരിക്കുന്നത്. 2017-18 മുതൽ 2021-22 വരെ തുടർച്ചയായ 5 വർഷത്തിൽ ആകെ 15 ലക്ഷം കാർപ്പ് മത്സ്യങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. |
| (സി) | ഏത് തരം മത്സ്യ വിത്തുകളാണ് പ്രസ്തുത പ്രദേശങ്ങളിൽ നിക്ഷേപിച്ചിട്ടുള്ളതെന്നും ഇതുവഴി പ്രതീക്ഷിക്കുന്ന മത്സ്യോല്പാദനം എത്രയെന്നും അറിയിക്കാമോ? | (സി) | കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചിട്ടുള്ളത്. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന റാഞ്ചിംഗ് പദ്ധതിയിലൂടെ പ്രതിവർഷം 20 ടൺ മത്സ്യം അധികമായി ഉൽപാദിപ്പിക്കാനാവും എന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ